# സംരംഭകത്വ വായ്പ: കെഎഫ്സി നൽകിയത് 112 കോടി

തിരുവനന്തപുരം: കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) ആവിഷ്കരിച്ച സംരംഭകത്വ വായ്പാ പദ്ധതി പ്രകാരം ഇതുവരെ നൽകിയത് 112 കോടി രൂപ. 1954 സംരംഭങ്ങൾക്കാണ് ഇതിന്റെ പ്രയോജനം. അടുത്ത അഞ്ചു സാമ്പത്തിക വർഷം ഓരോ വർഷവും 500 സംരംഭങ്ങൾക്ക് വായ്പ നൽകി അഞ്ചു വർഷം കൊണ്ട് 2500 സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം.

കെഎഫ്സിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2020 ജൂലൈയിലാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയെന്ന വായ്പാ പദ്ധതി കെഎഫ്സി ആവിഷ്കരിച്ചത്. ഏഴു ശതമാനം പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്ന വിധത്തിൽ ആവിഷ്കരിച്ച പദ്ധതി പിന്നീട് ഒരു കോടി രൂപ വരെ വായ്പ അഞ്ചു ശതമാനം പലിശയ്ക്ക് നൽകുന്ന തരത്തിലേക്ക് പരിഷ്കരിക്കുകയായിരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ, കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത 10 വർഷത്തിൽ കുറയാത്ത സ്റ്റാർട്ടപ്പുകൾ, പ്രവാസികളുടെ സംരംഭങ്ങൾ, കൃഷി, കോഴി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലുള്ള സംരംഭകർക്ക് പദ്ധതി പ്രകാരം വായ്പ ലഭിക്കും. ആവശ്യമായ രേഖകൾ സഹിതം www.kfc.org യിൽ ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. കെഎഫ്സിയുടെ ബ്രാഞ്ച് ഹെഡ് ചെയർപേഴ്സണും വ്യവസായ ബാങ്കിങ് വിദഗ്ധരും കെഎഫ്സിയുടെ നോഡൽ ഓഫിസറും അടങ്ങുന്ന കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തുക.

പുതിയ സംരംഭങ്ങൾക്ക് പുറമെ നിലവിലുള്ള സംരംഭങ്ങൾ ആധുനികവത്കരിക്കാനും വായ്പ അനുവദിക്കും. പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ ലഭിക്കും. അതേസമയം, പുതിയ പദ്ധതികൾക്ക് ഒരു കോടിക്ക് മുകളിലും വായ്പാതുക അനുവദിക്കും. ഒരു കോടി രൂപ വരെ പ്രത്യേക പലിശ നിരക്കും അതിനു മുകളിലുള്ള തുകയ്ക്ക് കെഎഫ്സിയുടെ സാധാരണ പലിശ നിരക്കും ഈടാക്കും. 10 വർഷത്തിനുള്ളിൽ വായ്പ തിരിച്ചടച്ചാൽ മതി. ഇതിൽ അഞ്ചു വർഷം പലിശ സബ്സിഡിയുണ്ട്. സംരംഭകർക്ക് മാർഗനിർദേശങ്ങൾക്കും സഹായങ്ങൾക്കും 1800 890 1030 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം.